കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇടമലക്കുടിയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും ഓഫീസ് കെട്ടിടങ്ങൾ പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് പണി കഴിപ്പിക്കുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Office of the Chief Engineer 18/4/17

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.1134/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 11.04.2017.**

പരാമർശം. ഇടമലക്കുടിയിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.3.17 ന് ചേർന്ന യോഗ തീരുമാനം

## ഉത്തരവ്

| CE |
|---|
| DCE |
| EE |
| AEE |
| AA |
| JS |

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും കോൺക്രീറ്റിൽ പണിയുന്നത് അപ്രായോഗികവും സാമ്പത്തികച്ചെലവ് വളരെയധികം ആകുന്നതും നിർമ്മാണ കാലയളവ് കൂടുതൽ എടുക്കുന്നതും ആണെന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/3/2017 ൽ കൂടിയ യോഗം വിലയിരുത്തുകയുണ്ടായി. മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളും പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് മുള, ചെളി, എന്നിവ ഉപയോഗിച്ച്, എസ്റ്റിമേറ്റ്, ടെക്നിക്കൽ സാംക്ഷൻ നൽകൽ, മെഷർമെന്റ് ചെക്കിംഗ് തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി അംഗീകൃത ഏജൻസികളെ കൊണ്ട് പണിക്കഴിപ്പിക്കുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) കൂടാതെ, ബാംബൂ ബ്രിഡ്ജസ് ( Bamboo Bridges) ആവശ്യമുള്ളിടത്തും ഇപ്രകാരം നിർമ്മാണം നടത്താവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
സെക്രട്ടറി/പ്രസിഡന്റ്, ഇടമലക്കുടി ഗ്രാമ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം.തിരുവനന്തപുരം.(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ